## പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 49      27.02.2017-ൽ മറുപടിയ്ക്ക്

### <u>സർക്കാർ സ്ഥാപനങ്ങളിലെ വൃക്ഷങ്ങളിലുള്ള കായ്ഫലങ്ങൾ</u>

| ചോദ്യം<br>ശ്രീ.കെ.എം. ഷാജി | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) സെക്രട്ടേറിയറ്റിന്റെയും മറ്റ് സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂൾ എന്നിവയുടെയും ഉടമസ്ഥതയിലുള്ള മരങ്ങളിൽ ഉണ്ടാകുന്ന കായ്ഫലങ്ങൾ പൊതുലേലം ചെയ്യുന്നതിന് പകരം അവിടത്തെ ഉദ്യോഗസ്ഥർ തന്നെ സ്വന്തമാക്കുകയോ വിൽക്കുകയോ ചെയ്യുന്ന പ്രവണത വർദ്ധിച്ചുവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) യും (ബി) യും സർക്കാർ ഓഫീസുകൾ, സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നിവയുടെ ഉടമസ്ഥതയിലുള്ള മരങ്ങളിൽ നിന്നുണ്ടാകുന്ന കായ്ഫലങ്ങൾ പൊതുലേലം നടത്തി ലഭിക്കുന്ന തുക ട്രഷറിയിലേയ്ക്ക് ഒടുക്കേണ്ടതാണെന്ന് നിലവിൽ വ്യവസ്ഥയുണ്ട്. സെക്രട്ടേറിയറ്റിനുള്ളിൽ സ്ഥിതി ചെയ്യുന്ന തെങ്ങ്, മാവ് തുടങ്ങിയ മരങ്ങളിൽ നിന്നുള്ള കായ്ഫലങ്ങൾ, എല്ലാ ലേലനടപടികളും പാലിച്ച് പൊതുലേലം നടത്തി തുക ട്രഷറിയിൽ ഒടുക്കിവരുന്നു. |
| (ബി) എങ്കിൽ ഇത്തരം കായ്ഫലങ്ങൾ പൊതുജനമദ്ധ്യത്തിൽ ലേലം നടത്തി ലഭിക്കുന്ന തുക ഖജനാവിലേക്ക് എത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | |

സെക്ഷൻ ഓഫീസർ